**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3009** **14-02-2024 - ൽ മറുപടിയ്ക്ക്**

**ഇക്കോ ടൂറിസം കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനംവകുപ്പിന്റെ അധീനതയിൽ എത്ര ഇക്കോ ടൂറിസം കേന്ദ്രങ്ങളാണ് ഉള്ളത്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ; | (എ) | സംസ്ഥാനത്ത് വനം വകുപ്പിന്റെ അധീനതയിൽ 71 ഇക്കോടൂറിസം കേന്ദ്രങ്ങൾ ആണ് ഉള്ളത്.<br><br>സംസ്ഥാനത്തിലെ ഇക്കോടൂറിസം കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ വനം വകുപ്പിന്റെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ നിന്നും എത്ര രൂപയുടെ വരുമാനം ലഭിച്ചു എന്നത് സംബന്ധിച്ച ഡിവിഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; കൂടുതൽ വരുമാനം ലഭിച്ച ഡിവിഷൻ ഏതെന്നു വ്യക്തമാക്കാമോ; | (ബി) | വനം വകുപ്പിന്റെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ നിന്നും 2021, 2022, 2023 വർഷങ്ങളിൽ ലഭിച്ച വരുമാനത്തിന്റെ ക്രോഡീകരിച്ച പട്ടിക (ഡിവിഷൻ തിരിച്ചുള്ള കണക്ക്) അനുബന്ധം 2 ആയി ചേർക്കുന്നു. ടി വർഷങ്ങളിൽ സംസ്ഥാനത്ത് മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനാണ് ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചിട്ടുള്ളത്. |
| (സി) | ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നു വിശദമാക്കാമോ? | (സി) | ഇക്കോടൂറിസം കേന്ദ്രങ്ങളുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനുമായി വനം വകുപ്പ് ചുവടെ ചേർക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>1) സംസ്ഥാനത്തെ ഇക്കോടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിനും വിനോദ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി കേരള ഫോറസ്റ്റ് ഇക്കോ ടൂറിസം ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുവാൻ 04.10.2023-ലെ സർക്കാർ ഉത്തരവ് (സാധാ)നം. 370/2023/വനം പ്രകാരം തീരുമാനിച്ചിട്ടുണ്ട്.<br><br>2) നിലവിലുള്ള ഇക്കോടൂറിസം കേന്ദ്രങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>3) വിവിധ ഇക്കോടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ടൂറിസ്റ്റ് സർക്യൂട്ടുകൾ |

| | | | |
|---|---|---|---|
| | | | രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>4) പ്രധാന ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ഇക്കോഷോപ്പുകൾ സ്ഥാപിക്കുക വഴി 'വനശ്രീ' ഉത്പ്പന്നങ്ങൾക്ക് കൂടുതൽ വിപുലമായ വിപണന സാദ്ധ്യതകൾ കണ്ടെത്തുന്നതിനും അതുവഴി വനാശ്രിതരായ പട്ടികജാതി വിഭാഗങ്ങളുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>5) ചെറുകിട വന വിഭവങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനു വേണ്ടി ഓൺലൈൻ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ ചാലക്കുടി വനശ്രീ യൂണിറ്റിന്റെ നേതൃത്വത്തിൽ വനശ്രീ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം നടത്തിവരുന്നുണ്ട്. കൂടാതെ തിരുവനന്തപുരം വന വികസന ഏജൻസിയിൽ 'ഓപ്പൺ നെറ്റ്‌വർക്ക് ഡിജിറ്റൽ കോമേഴ്സ്' (ONDC) പ്ലാറ്റ്‌ഫോമിൽ വനശ്രീ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം നടത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>6) ഇക്കോഷോപ്പുകൾ വഴി വിപണനം നടത്തി വരുന്ന ചെറുകിട വന ഉത്പ്പന്നങ്ങൾക്ക് വനശ്രീ ട്രേഡ് മാർക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>7) ഇക്കോടൂറിസം കേന്ദ്രങ്ങളിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് അവരുടെ പ്രവേശനവും വിവിധങ്ങളായ പാക്കേജുകളുടെ ബുക്കിങ്ങും (അക്കൊമൊഡേഷൻ, ട്രീ ടോപ് ബാംബൂ ഹട്ട്, സൈറ്റ് സീയിങ്,വുഡി റോക്ക് വുഡ് etc) സുഗമമാക്കുന്നതിനായി ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>8) ഇക്കോടൂറിസം കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അതിന്റെ ചുമതലയുള്ള ജീവനക്കാർക്കും ബന്ധപ്പെട്ട VSS/EDC അംഗങ്ങൾക്കും പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം – 1

**കേരളം വനം വകുപ്പ്**
**ഇക്കോടൂറിസം കേന്ദ്രങ്ങളുടെ പട്ടിക**

| ക്രമ നമ്പർ | സർക്കിൾ | ഡിവിഷൻ | ഇക്കോടൂറിസം കേന്ദ്രത്തിന്റെ പേര് |
|---|---|---|---|
| 1 | സതേൺ | തിരുവനന്തപുരം | പൊന്മുടി |
| 2 | | | കല്ലാർ |
| 3 | | | മങ്കയം |
| 4 | | അച്ചൻകോവിൽ | മണലാർ-കുംഭാവുരുട്ടി |
| 5 | | തെന്മല | പാലരുവി |
| 6 | | പുനലൂർ | കുടുക്കത്തുപാറ |
| 7 | | കോന്നി | ആനത്താവളം |
| 8 | | | അടവി ബൗൾ ബോട്ട് സെന്റർ |
| 9 | | റാന്നി | ഗവി-കക്കി |
| 10 | ഹൈറേഞ്ച് | കോട്ടയം | ചെല്ലാർകോവിൽ |
| 11 | | | കാൽവരിമൗണ്ട് |
| 12 | | | കോലാഹലമേട് (വാഗമൺ) |
| 13 | | കോതമംഗലം | തൊമ്മൻകുത്ത് |
| 14 | | മൂന്നാർ | ചൊക്രമുടി |
| 15 | | | പെട്ടിമുടി |
| 16 | | | തീർത്ഥമല |
| 17 | | മാങ്കുളം | കൈനാഗിരി |
| 18 | | മറയൂർ | ആനക്കോട്ടപ്പാറ |
| 19 | | | രാജീവ് ഗാന്ധി നേച്ചർ പാർക്ക് |
| 20 | സെൻട്രൽ | വാഴച്ചാൽ | ആതിരപ്പള്ളി |
| 21 | | | വാഴച്ചാൽ |
| 22 | | മലയാറ്റൂർ | മുളങ്കുഴി |
| 23 | | | പണിയേലിപോരു |
| 24 | | | ഭൂതത്താൻകെട്ട് |
| 25 | ഈസ്റ്റേൺ | നെന്മാറ | മിന്നാംപാറ |
| 26 | | | കേശവൻപാറ |
| 27 | | പാലക്കാട് | മീൻവല്ലം |
| 28 | | | ധോണി |
| 29 | | | അനങ്ങൻമല |
| 30 | | നിലമ്പൂർ നോർത്ത് | കനോലി പ്ലോട്ട് |
| 31 | | | കോഴിപ്പാറ |
| 32 | | | ചാലിയർ വ്യൂ |
| 33 | | നിലമ്പൂർ സൗത്ത് | നെടുങ്കയം |
| 34 | | | കൊടികുത്തിമല |
| 35 | | മണ്ണാർക്കാട് | തോടുകാപ്പ്കുന്ന് |

| ക്രമ നമ്പർ | സർക്കിൾ | ഡിവിഷൻ | ഇക്കോടൂറിസം കേന്ദ്രത്തിന്റെ പേര് |
|---|---|---|---|
| 36 | നോർത്തേൺ | കാസർഗോഡ് | റാണിപുരം |
| 37 | | കണ്ണൂർ | പൈതൽമല |
| 38 | | | അളകാപുരി |
| 39 | | | ശശിപ്പാറ |
| 40 | | | പാല്യകാച്ചി |
| 41 | | കോഴിക്കോട് | തുഷാരഗിരി |
| 42 | | | കാക്കവയൽ |
| 43 | | | കക്കാട് |
| 44 | | | കക്കയം |
| 45 | | | പെരുവണ്ണാമൂഴി |
| 46 | | | ജാനകിക്കാട് |
| 47 | | നോർത്ത് വയനാട് | മുനീശ്വരൻകുന്ന് |
| 48 | | | ബ്രഹ്മഗിരി |
| 49 | | | മീൻമുട്ടി |
| 50 | | സൗത്ത് വയനാട് | പാക്കം-കുറുവ |
| 51 | | | വാരാമ്പറ്റ |
| 52 | | | സൂചിപ്പാറ |
| 53 | | | ചെമ്പ്ര പീക്ക് |
| 54 | വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | പീച്ചി | പീച്ചി |
| 55 | | | ചിമ്മിണി |
| 56 | | സൈലന്റ് വാലി | മുക്കാലി |
| 57 | | പറമ്പിക്കുളം | പറമ്പിക്കുളം |
| 58 | | ആറളം | ആറളം |
| 59 | | വയനാട് | തോൽപ്പെട്ടി |
| 60 | | | മുത്തങ്ങ |
| 61 | വൈൽഡ് ലൈഫ് സർക്കിൾ, കോട്ടയം | ഇടുക്കി | തട്ടേക്കാട് |
| 62 | | | വെള്ളപ്പാറ |
| 63 | | മൂന്നാർ | ഇരവികുളം നാഷണൽ പാർക്ക് |
| 64 | | | ചിന്നാർ വന്യജീവി സങ്കേതം |
| 65 | | | ഷോല നാഷണൽ പാർക്ക് |
| 66 | | പെരിയാർ ഈസ്റ്റ് | തേക്കടി |
| 67 | | | വള്ളക്കടവ് |
| 68 | ABP സർക്കിൾ | ശെന്തുരുണി | ശെന്തുരുണി |
| 69 | | തിരുവനന്തപുരം | നെയ്യാർ |
| 70 | | | പേപ്പാറ |
| 71 | | | കോട്ടൂർ |

***********

അനുബന്ധം 2

വനം വകുപ്പിന്റെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ നിന്നും 2021,2022,2023 വർഷങ്ങളിൽ ലഭിച്ച വരുമാനത്തിന്റെ ക്രോഡീകരിച്ച പട്ടിക

| Sl No | Division | Revenue collected | | | Total |
|---|---|---|---|---|---|
| | | 2021 | 2022 | 2023 | |
| 1 | TVM | 11550990 | 23758174 | 35701680 | 71010844 |
| 2 | TVM WL | 9167000 | 24543000 | 13175615 | 46885615 |
| 3 | Shendurny | 5063332 | 6842582 | 8203976 | 20109890 |
| 4 | Achenkovil | 2835 | 5808870 | 10881725 | 16693430 |
| 5 | Thenmala | 2426505 | 14228795 | 18472045 | 35127345 |
| 6 | Punalur | 376285 | 632405 | 794375 | 1803065 |
| 7 | Konni | 9626540 | 18273910 | 23193746 | 51094196 |
| 8 | Ranni | 1783380 | 4014310 | 6015800 | 11813490 |
| 9 | Kottayam | 3492365 | 5811395 | 7073315 | 16377075 |
| 10 | Kothamangalam | 1271760 | 2248600 | 2388020 | 5908380 |
| 11 | Munnar | 18000 | 334800 | 933400 | 1286200 |
| 12 | Mankulam | | | 6851460 | 6851460 |
| 13 | Marayoor | 513610 | 761900 | 807870 | 2083380 |
| 14 | Periyar East | 4082110 | 8105300 | 41159345 | 53346755 |
| 15 | Idukki WL | 3889767 | 5870586 | 6559940 | 16320293 |
| 16 | Munnar WL | 23733235 | 49228017 | 110295662 | 183256914 |
| 17 | Malayatoor | 2979180 | 9732741 | 16767150 | 29479071 |
| 18 | Vazhachal | 15282105 | 54436109 | 12332168 | 82050382 |
| 19 | Peechi | 2334990 | 3685825 | 4069929 | 10090744 |
| 20 | Nenmara | 3059620 | 4322620 | 6351840 | 13734080 |
| 21 | Palakkad | 2477035 | 4351380 | 3670150 | 10498565 |
| 22 | Mannarkad | 31674 | 70526 | 912892 | 1015092 |
| 23 | Silent Valley | 2807405 | [illegible] | 9230574 | 14229314 |

| | | | | | |
|---|---|---|---|---|---|
| 24 | Parambikulam | 25495510 | 58695727 | 70788043 | 154979280 |
| 25 | Nilambur South | 574130 | 2511660 | 7398385 | 10484175 |
| 26 | Nilambur North | 6383231 | 8289026 | 11314408 | 25986665 |
| 27 | Kozhikode | 8154415 | 12305055 | 12763640 | 33223110 |
| 28 | South Wayanad | 19656739 | 48383318 | 51495946 | 119536003 |
| 29 | North Wayanad | 1738663 | 2429197 | 1961146 | 6129006 |
| 30 | Wayanad WL | 6220695 | 8830545 | 62273895 | 77325135 |
| 31 | Aralam | 487942 | 642772 | 778930 | 1909644 |
| 32 | Kannur | 1292575 | 1786870 | 3089645 | 6169090 |
| 33 | Kasaragod | 2232790 | 2641570 | 321290 | 5195650 |
| | Total | 178206413 | 395768940 | 568028005 | 1142003358 |